# നീര: നിയമത്തിൽ ഇളവ് മന്ത്രിസഭ പരിഗണിക്കും

തിരുവനന്തപുരം ● നീര ഉൽപാദനത്തിനായി അബ്കാരി നിയമത്തിൽ ഇളവ് നൽകുന്നത് അടുത്ത മന്ത്രിസഭായോഗം പരിഗണിക്കും. ഉപാധികളോടെ തെങ്ങ് ചെത്താനുള്ള അനുമതിയായിരിക്കും നൽകുക. നീരയുടെ വ്യാവസായിക ഉൽപാദനം സംബന്ധിച്ചു ഗവേഷണം നടത്തുന്ന കാർഷിക സർവകലാശാല സ്വന്തം നിലയ്ക്കു ബ്രാൻഡ്ഡ് നീര ഉൽപാദിപ്പിക്കാൻ തയാറെടുക്കുകയാണ്. കേരാമൃതം എന്ന പേരിൽ പേറ്റന്റിനായി അപേക്ഷയും സർവകലാശാല നൽകിയിട്ടുണ്ട്.

നിയന്ത്രിത നീര ഉൽപാദനത്തിനാവും സർക്കാർ അനുമതി നൽകുക. എല്ലാ ജില്ലകളിലും ഓരോ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷനു നീര ഉൽപാദിപ്പിക്കാൻ അനുമതി നൽകും. കള്ളുഷാപ്പുകളുടെ എണ്ണം കുറവായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിലധികം ഫെഡറേഷനുകൾക്ക് അനുമതി നൽകും .

നീര ഉൽപാദനത്തിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത കേരള സർവകലാശാല തിരുവനന്തപുരം, തൃശൂർ, കാസർകോട് എന്നിവിടങ്ങളിൽ ഒന്നര കോടി വീതം ചെലവു വരുന്ന മൂന്നു പ്ലാന്റുകൾ നിർമിക്കാനാണു തയാറെടുക്കുന്നത്. നീര ചെത്തുന്നതിനായി നീര ടെക്നീഷൻമാരുടെ തിരഞ്ഞെടുപ്പ് ആരംഭിച്ചിട്ടുണ്ട്. 30 പേരെയാണു മൂന്നു കേന്ദ്രങ്ങളിലായി തിരഞ്ഞെടുക്കുന്നത്. ഇവർക്ക് ഈ മാസാവസാനത്തോടെ കാസർകോട് പീലിക്കോട് മേഖലാ കൃഷി ഗവേഷണകേന്ദ്രത്തിൽ പരിശീലനം നൽകും. സർവകലാശാലയ്ക്കു നീര ഉൽപാദനത്തിനുള്ള അനുമതി ഉടൻ ലഭിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്.

തെങ്ങിന്റെ പൂങ്കുലയിൽ നിന്നു ചെത്തിയെടുക്കുന്ന സത്തിനെ പുളിക്കാതെ നിലനിർത്തുന്ന സാങ്കേതികവിദ്യയാണു കാർഷിക സർലകലാശാല വികസിപ്പിച്ചെടുത്തത്. 100% ആൽക്കഹോൾ വിമുക്തമായിരിക്കും ഇത്. 15% മുതൽ 18% വരെ പഞ്ചസാര അടങ്ങിയിട്ടുള്ള നീരയിൽ പ്രോട്ടീൻ, വൈറ്റമിൻ സി, ബി കോംപ്ലക്സ് തുടങ്ങി ഏറെ പോഷകവസ്തുക്കൾ അടങ്ങിയിട്ടുണ്ട്. ഹെൽത്ത് ഡ്രിങ്ക് എന്ന പേരിലായിരിക്കും നീരയുടെ വിൽപന.

വിവിധ ഫെഡറേഷനുകളും സ്ഥാപനങ്ങളും നീര ഉൽപാദിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ വിപണിയിൽ മികച്ച നീര എത്തിക്കുന്നതിനാണു കാർഷിക സർവകലാശാല കേരാമൃതം ബ്രാൻഡ് പുറത്തിറക്കാൻ തയാറെടുക്കുന്നത്. പെറ്റ്ബോട്ടിലിൽ വിൽക്കുന്ന നീര മൂന്നു മാസം വരെ ഫ്രിഡ്ജിൽ കേടുകൂടാതെ സൂക്ഷിക്കാം. നീര ചെത്താൻ നൽകുന്നതിലൂടെ പ്രതിവർഷം ഒരു തെങ്ങിൽ നിന്നു പതിനായിരം രൂപയുടെ വരുമാനം കർഷകർക്കു ലഭിക്കുമെന്നാണു കണക്കാക്കുന്നത്.